# NIDAS: 30

# Clubfoot deformity and its treatment

## FREQUENTLY ASKED QUESTIONS

1. ക്ലബ്ഫൂട്ട് ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാം?

   ക്ലബ്ഫൂട്ട് ഉണ്ടാകാനുള്ള കാരണം അജ്ഞാതമാണ്. അതുകൊണ്ടുതന്നെ ഒരു കുഞ്ഞ് ക്ലബ്ഫൂട്ടോടുകൂടി ജനിച്ചാൽ അതിന്റെ കാരണം ആ കുട്ടിയുടെ അച്ഛനോ അമ്മയോ അതുമല്ലെങ്കിൽ കുടുംബത്തിലെ മറ്റാരെങ്കിലും ആണെന്ന് പറയാനാകില്ല.

2. ക്ലബ്ഫൂട്ട് പാരമ്പര്യമായി ഉണ്ടാകാവുന്ന അവസ്ഥയാണോ?
   ക്ലബ്ഫൂട്ട് ഉള്ള മാതാപിതാക്കൾക്ക് അതെ അവസ്ഥയിലുള്ള കുഞ്ഞുങ്ങൾ ഉണ്ടാകാനുള്ള സാധ്യത 15% മാത്രമേ ഉള്ളു. അതായത് ക്ലബ്ഫൂട്ട് ഉള്ള നൂറിൽ 15 മാതാപിതാക്കൾക്ക് മാത്രമേ അത്തരത്തിലുള്ള കുഞ്ഞുങ്ങൾ ഉണ്ടാകുന്നുള്ളൂ.

3. എപ്പോഴാണ് ചികിത്സ ആരംഭിക്കുന്നതിനുള്ള ശരിയായ സമയം?
   കുഞ്ഞു ജനിച്ച ഉടനെ തന്നെ അല്ലെങ്കിൽ മൂന്നു മാസത്തിനുള്ളിൽ തന്നെ ചികിത്സ ആരംഭിക്കുന്നതാണ് നല്ലത്. കാരണം ഈ സമയം കുഞ്ഞിന്റെ കാലുകൾ വളരെ മൃദുവും അയവുള്ളതും ആയിരിക്കും. ഇത് ചികിത്സ എളുപ്പമുള്ളതാകുന്നു. ഇതിലൂടെ കുട്ടിയുടെ വളർച്ചയുടെ പ്രാരംഭഘട്ടത്തിൽ തന്നെ കാലുകൾ ശരിയാവുകയും കുട്ടിക്ക് നടക്കാൻ സാധിക്കുകയും ചെയ്യുന്നു.

4. ക്ലബ്ഫൂട്ടിനുള്ള മികച്ച ചികിത്സ ഏതാണ്?
   ക്ലബ്ഫൂട്ടിനെതിരെ ഇന്ന് ലോകമൊട്ടാകെ അംഗീകരിച്ച മികച്ച ചികിത്സയാണ് പോൺസെറ്റി ചികിത്സ. പ്ലാസ്റ്റർ ഇട്ട് പ്രശ്നം പരിഹരിക്കുന്ന രീതിയാണിത്. കുട്ടിയുടെ പ്രായത്തിനനുസരിച്ചും, ക്ലബ്ഫൂട്ട് വൈകല്യത്തിന്റെ തോതനുസരിക്കും പ്ലാസ്റ്റർ ഇടുന്ന കാലയളവ് നാല് മുതൽ ആറ് ആഴ്ച്ച വരെ നീളുന്നു. അവസാന പ്ലാസ്റ്റർ കാസ്റ്റിംഗ് പ്രക്രിയയെ റ്റെനോട്ടമി എന്ന് പറയുന്നു. ഈ പ്രക്രിയയ്ക്ക് ശേഷം ഒരു ചെറിയ ശസ്ത്രക്രിയയിലൂടെ കാലിലെ അധികമുള്ള ദശനാര്(ടെൻഡൻ) മുറിച്ച് മാറ്റുകയും മൂന്നാഴ്ച്ച കൂടെ വീണ്ടും പ്ലാസ്റ്റർ ഇടേണ്ടതായും വരുന്നു. ഈ ചികിത്സയിലൂടെ കാലുകൾ ശരിയാകുന്നു. അതിനു ശേഷം കുട്ടി നടന്നു തുടങ്ങുമ്പോൾ കൂടുതൽ ബുദ്ധിമുട്ട് വരാതിരിക്കാനായി ആദ്യ മൂന്ന് മാസങ്ങളിൽ, ദിവസത്തിൽ 23 മണിക്കൂറും കുട്ടി ഒരു പ്രത്യേക തരം ഷൂസ് (foot abduction brace) ധരിക്കേണ്ടത്

അത്യാവശ്യമാണ് . ക്രമേണ അടുത്ത 4 മുതൽ 5 വർഷക്കാലത്തേക്ക് ഷൂസ് ധരിക്കുന്ന സമയം രാത്രികാലങ്ങളിൽ മാത്രം ആക്കാവുന്നതാണ്.

**5.** ക്ലബ്ഫൂട്ട് ഉള്ളവർ, ചികിത്സയിലൂടെ കാലുകൾ ശരിയായതിന് ശേഷവും പ്രത്യേകതരം ഷൂസ് ധരിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്?
ക്ലബ്ഫൂട്ട് ഒരു ജനന വൈകല്യമാണ്. അതുകൊണ്ട് തന്നെ ചികിത്സക്കു ശേഷം ശരിയായ പരിചരണം ലഭിക്കുന്നില്ല എങ്കിൽ കാലുകൾ പൂർവ സ്ഥിതിയിലേക്ക് പോകാനുള്ള സാധ്യതയുണ്ട്. അത് കൊണ്ട് തന്നെ കാലുകൾക്ക് വേണ്ടത്ര പരിചരണം നൽകാനായി പ്രത്യേക ഷൂസ് (foot abduction brace) ധരിക്കേണ്ടത് അനിവാര്യമാണ്.

**6.** പോൺസെറ്റി ചികിത്സ, ശസ്ത്രകിയ രീതിയെക്കാൾ മികച്ചതാണ് എന്ന് പറയുന്നതെന്തുകൊണ്ട്?
പോൺസെറ്റി ചികിത്സ ചെയ്യുന്നതുകൊണ്ട് കുട്ടികൾക്കു വേദനയോ മറ്റു സങ്കീർണതകളോ അനുഭവപ്പെടുന്നില്ല. എന്നാൽ ശസ്ത്രക്രിയ ചെയ്താൽ കുട്ടികൾക്ക് വേദന അനുഭവപ്പെടുന്നതായും കാൽപാദങ്ങളുടെ ദൃഢത കൂടുന്നതായും കണ്ടുവരുന്നു. കൂടാതെ കാൽപാദവും കണങ്കാലും നേരെ ആകാനായി കുട്ടി കൂടുതൽ ശസ്ത്രക്രിയകൾക്ക് വിധേയനാകേണ്ടി വന്നേക്കാം. അതിന്റെ ഫലമായി കുട്ടിക്ക് കാലുകളിൽ അതിയായ വേദനയും കൂടുതൽ സങ്കീർണതകളും ഉണ്ടായേക്കാം. ചിലപ്പോൾ കാലുകൾ മുറിച്ച് മാറ്റേണ്ട അവസ്ഥ വരെ ഉണ്ടായേക്കാം.

**7.** ശസ്ത്രക്രിയ അല്ലാത്ത രീതി എന്നാണ് പോൺസെറ്റി രീതി അറിയപ്പെടുന്നത്. പിന്നെ എന്തുകൊണ്ടാണ് റ്റെനോട്ടമി ചെയ്യുന്നത്?
റ്റെനോട്ടമി ഒരു ശസ്ത്രക്രിയ അല്ല. ദശനാര്(ടെൻഡൻ) മാറ്റുന്ന ചെറിയൊരു പ്രക്രിയ മാത്രമാണിത്. കുട്ടിക്ക് ലോക്കൽ അനസ്തേഷ്യ മാത്രമാണ് കൊടുക്കുന്നത്. ഇതിനു ശേഷം മുറിവിൽ തുന്നികെട്ടലുകൾ ഒന്നുംതന്നെ ചെയ്യുന്നില്ല. മൂന്നാഴ്ചക്കുള്ളിൽ തന്നെ മുറിച്ചു മാറ്റിയ ദശാനാരിന്റെ സ്ഥാനത്ത് സ്വാഭാവികമായി പുതിയ ദശനാര്(ടെൻഡൻ) ഉണ്ടാവുകയും ചെയ്യുന്നു.

8. ഒരു വ്യക്തിയുടെ രണ്ടു കാലുകളിലും ക്ലബ്ഫൂട്ട് വൈകല്യം ഉണ്ടെങ്കിൽ ഒരു കാലിൽ മാത്രം റ്റെനോട്ടമി ചെയ്യാൻ സാധിക്കുമോ?
ഇല്ല, രണ്ടു കാലുകളിലും ഒരുമിച്ച് റ്റെനോട്ടമി ചെയ്തെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളു.

9. ചികിത്സക്ക് ശേഷം കൃത്യമായ ഇടവേളകളിൽ ഫോളോ അപ്പ് നടത്തേണ്ട ആവശ്യകതയുണ്ടോ ? ഉണ്ടെങ്കിൽ എത്ര നാൾ തുടരണം ?
കൃത്യമായ ഇടവേളകളിൽ ഫോളോ അപ്പ് അനിവാര്യമാണ്. കാരണം ചികിത്സിച്ച് നേരെ ആക്കിയ കാലുകൾ പൂർവ സ്ഥിതിയിലേക്ക് പോകാനുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് തന്നെ കാലുകളുടെ അവസ്ഥ ശരിയായി നിലനിർത്താൻ ആദ്യ 5 വർഷക്കാലം പ്രത്യേക ഷൂസ് (foot abduction brace ) ധരിക്കേണ്ടതാണ്. ആദ്യ മൂന്ന് മാസങ്ങളിൽ, ദിവസത്തിൽ 23 മണിക്കൂറും കുട്ടി പ്രത്യേക ഷൂസ് ധരിക്കേണ്ടത് അത്യാവശ്യമാണ്. ക്രമേണ അടുത്ത 4 മുതൽ 5 വർഷക്കാലത്തേക്ക് ഷൂസ് ധരിക്കുന്ന സമയം രാത്രികാലങ്ങളിൽ മാത്രം ആക്കാവുന്നതാണ്.

10. ക്ലബ് ഫൂട്ട് വൈകല്യം പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ എത്ര തുക ചെലവാകും?
ക്യുവർ ഇന്റെർനാഷണൽ എന്ന സന്നദ്ധ സംഘടനയുടെ പങ്കാളിത്തമുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സ പൂർണ്ണമായും സൗജന്യമാണ്, എന്നാൽ സ്വകാര്യ ആശുപ്രതികളിൽ ചികിത്സ ചെലവ് 1000 മുതൽ 25000 വരെ ആകാം.

| മിഥ്യ | യാഥാർഥ്യം |
|---|---|
| ക്ലബ്ഫൂട്ട് വൈകല്യത്തോടെ ജനിച്ച ഒരു കുഞ്ഞിന് രണ്ടോ മൂന്നോ വയസു കഴിഞ്ഞതിനു ശേഷം മാത്രമേ ചികിത്സ ആരംഭിക്കാൻ | ജനിച്ച ഉടൻതന്നെയോ അല്ലെങ്കിൽ മൂന്നു മാസത്തിനുള്ളിലോ ചികിത്സ ആരംഭിക്കണം |

| | |
|---|---|
| പാടുള്ളു. | |
| ശസ്ത്രക്രിയയിലൂടെ മാത്രമേ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുകയുള്ളു. | ശസ്ത്രക്രിയയിലൂടെ അല്ലാതെ പോൺസെറ്റി രീതിയിലൂടെ ഭേദമാക്കാം. |
| ചെലവേറിയ ചികിത്സ രീതിയാണ് കൂടുതൽ നല്ലത്. | ചെലവേറിയ ചികിത്സ എന്നതല്ല, ഏത് ചികിത്സയാണ് അനുയോജ്യം എന്നതാണ് ശ്രദ്ധിക്കേണ്ടത്. സർക്കാർ ആശുപത്രികളിൽ പോൺസെറ്റി ചികിത്സ പൂർണ്ണമായും സൗജന്യമാണ്. |
| അമ്മയ്ക്കുള്ള ഏതെങ്കിലും വൈകല്യം കാരണമാണ് കുഞ്ഞിന് ക്ലബ്ഫൂട്ട് വൈകല്യം ഉണ്ടാകാൻ കാരണം. | ക്ലബ്ഫൂട്ട് ഉണ്ടാകാനുള്ള കാരണം അജ്ഞാതമാണ്. |
| ജന്മനാ ഉണ്ടാകുന്ന ഒരു ചലന വൈകല്യമാണ് ക്ലബ്ഫൂട്ട്. അതുകൊണ്ടു തന്നെ ഇത് ചികിത്സിച്ചു മാറ്റാൻ പറ്റില്ല. | ചികിത്സിച്ചു മാറ്റാൻ കഴിയുന്ന ഒരു ചലന വൈകല്യമാണ് ക്ലബ്ഫൂട്ട്. |
| ചികിത്സക്ക് ശേഷം കാലിന്റെ അവസ്ഥ നിലനിത്താൻ പ്രാദേശികമായി ലഭിക്കുന്ന ഏതൊരു ബ്രേസും ഉപയോഗിച്ചാൽ മതിയാകും. | പോൺസെറ്റി ചികിത്സയിലൂടെ ശരിയാക്കിയ കാലിന്റെ അവസ്ഥ നിലനിർത്താൻ പ്രത്യേകം തയാറാക്കിയ സ്റ്റീൻബീക്ക് ഷൂസ് (foot abduction brace ) അല്ലെങ്കിൽ $70^0$ കോണിൽ ബാഹ്യ റൊട്ടേഷൻ സാധ്യമാകുന്ന ഷൂസ് ഉപയോഗിക്കണം. |
| ക്ലബ്ഫുട്ട് വൈകല്യത്തോടെ ജനിക്കുന്ന പെൺകുട്ടികളെ കൊന്നുകളയുകയോ ആദ്യമേ തന്നെ അബോർഷൻ നടത്തുകയോ ചെയ്യണം. | എല്ലാ കുട്ടികൾക്കും ജനിക്കാനും അത്പോലെ തന്നെ വൈകല്യങ്ങൾക്ക് ശരിയായ ചികിത്സ നേടാനുമുള്ള അവകാശം ഉണ്ട്. |

| | |
|---|---|
| ഭാഗികമായെങ്കിലും കുട്ടിക്ക് ക്ലബ്ഫൂട്ട് വൈകല്യം നിലനിൽക്കുകയാണെങ്കിൽ സർക്കാർ ആനുകൂല്യങ്ങളും തൊഴിലും ലഭ്യമാകും. | ചികിത്സയിലൂടെ പൂർണമായും ഭേദമാക്കാൻ സാധിച്ചില്ലെങ്കിൽ മാത്രമേ ഒരു വൈകല്യമായി കണക്കാക്കുന്നുള്ളൂ.ആനുകൂല്യങ്ങൾക്ക് വേണ്ടി കുട്ടിയുടെ അവകാശങ്ങൾ നിഷേധിക്കരുത്. |


കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക:

ഡോ. സന്തോഷ് ജോർജ്ജ് ജി., ഡയറക്ടർ,
ക്യുവർ ഇന്റെർനാഷണൽ ഇന്ത്യ,
ഏഷ്യയിലെ റീജിയണൽ ഡയറക്ടർ,
ക്യുവർ ക്ലബ്ബ്ഫൂട്ട് +91 88000 20500

മിസ്. രജിത എസ് എൽ
സോഷ്യൽ വർക്കർ, നിഷ്,
തിരുവനന്തപുരം 0471-3066638

നിഡാസ് ടീം 0471-3066675